# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3864      21.06.2019 -ൽ മറുപടിക്ക്

### ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകരെ ആകർഷിക്കുന്ന വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) | ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകരെ ആകർഷിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• വ്യവസായ വകുപ്പ് മുഖേന നൽകിവരുന്ന സംരംഭകത്വ സഹായ പദ്ധതിപ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സബ്സിഡി ജനറൽ വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് നൽകുമ്പോൾ, വനിതാസംരംഭങ്ങൾക്ക് 20% സബ്സിഡി നൽകിവരുന്നു.<br>• വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ വരെ ആറു വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്.<br>• ചെറുകിട വ്യവസായ മേഖലയിൽ വനിതാ പ്രാധിനിധ്യം വർദ്ധിപ്പിച്ച് തൊഴിൽ അവസരം ഉയർത്താനായി 20/05/19 ലെ ജി.ഒ.(സാധാ)നം.98/2019/ഐടിഡി ഉത്തരവ് പ്രകാരം പ്രീ.ഇൻകുബേഷൻ, വിപണനം, ഉല്പന്നവികസനം എന്നീ മേഖലകളിൽ പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) മുഖേന നടപ്പിലാക്കി വരുന്നു. |
| ബി) | വനിത സംരംഭകർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിശീലന പരിപാടികളിൽ വനിതാ സംരംഭകരും പങ്കെടുക്കുന്നതാണ്.<br>കെ.എസ്.ഐ.ഡി.സി വഴി വനിതാ സംരംഭകർക്ക് പ്രത്യേക പരിശീലന പരിപാടികൾ ജില്ലാ അടിസ്ഥാനത്തിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ